# INSIGHT




## GVHSS IRIYANNI

# ഒരു വാക്ക്!!!...........

■ പ്രപഞ്ചത്തിന്റെ തുടിതാളങ്ങളെ
നെഞ്ചേറ്റിയ സർഗശക്തിയും
കാലത്തിനും മുമ്പേ കുതിക്കുന്ന
സാങ്കേതിക ശക്തിയും
ഒന്നു ചേരുമ്പോൾ
അവിടെ,
"**ഉൾക്കാഴ്ച**"യുടെ
ആറാമിന്ദ്രിയം തുറക്കപ്പെടുന്നു!!

'ലിറ്റിൽകൈറ്റസ്'തേടിപ്പോകുന്ന
അക്ഷരങ്ങളുടെ ആ ഉൾക്കാഴ്ച
വായനക്കാരനോട് നിരന്തരം
സംവദിച്ചു കൊണ്ടേയിരിക്കട്ടെ!!!!.......

***Best wishes for the Digital Magazine published by the little kites team iriyanni. May this magazine enrich with the INSIGHT of the blooming talents.***

***BABU.P***
***Headmaster***
***GVHSS Iriyanni***

# Editorial Board

- Abhinav
- Achut
- Adarsh
- Abhishek
- Navaneeth
- Sidharth
- Naveen
- Anagha
- Sreena
- Meghna

and LITTLE KITE crews

# താളുകൾ മറിക്കുമ്പോൾ


- IT. equipments - 6
- Digital painting - 9
- Global Warming - 10
- നഗരങ്ങളാക്കപ്പെടുന്ന നാട്ടിൻപുറങ്ങൾ - 12
- തീണ്ടാനാഴിപ്പൂവിനോട് - 15
- പുഴ - 16
- പുഴയോട് - 18
- നാട്ടിൻപുറങ്ങൾ നന്മകളാൽ സമൃദ്ധം - 19
- IT.Quiz - 22
- വിതുമ്പുന്ന മഴ - 24
- കാട്ട് ചോല - 25
- പ്രകൃതി - 26
- Answer For IT quiz - 27
- കുട്ടിക്കഥ - 28
- ചക്ക - 30
- ലഹരി - 31
- ഓണവും ബുദ്ധനും - 32
- നെല്ല് പ്രയോഗങ്ങൾ - 33
- വീണ്ടെടുക്കാം കറുത്ത പൊന്നിനെ - 34
- കാട് - 35
- പ്രകൃതി - 36
- കൃഷിയും ഞാറ്റുവേലയും - 37

# I.T EQUIPMENTS



There are many types of equipments needed to work the computer.
Some of the picture are given below;

1.MOTHER BOARD



2.MOUSE




3.MONITOR



4.KEYBOARD



5.C.P.U



6.SPEAKER





7.JOYSTICK


8.CHARGER



9.USB




10.HARDWARE



# DIGITAL PAINTING ADITHYAN V X Std






# GLOBAL WARMING

**Sidharth Santhosh IX A**

Global warming is the long-term rise in the average temperature of the Earth due to the climate change occurring in nature due to human invasions and their attitude towards nature that kills the nature. For example the humans cut the trees pollute the nature and tries to abolish the naturally things for their convenience and luxurity for constructing houses and resorts

## PHOTOS OF GLOBAL WARMING;

## Earths energy budget










# നഗരങ്ങളാക്കപ്പെടുന്ന നാട്ടിൻപുറങ്ങൾ

മേഘ്ന എം

ഇന്ന് നമ്മുടെ പ്രപഞ്ചത്തിൽ നാട്ടിൻപുറങ്ങളേക്കാൾ ഏറെ കാണാനാവുന്നത് നഗരങ്ങളാണ്. അവയൊക്കെ ഒരിക്കൽ നാട്ടിൻപുറങ്ങളായിരുന്നു ചിന്തിക്കുമ്പോൾ തന്നെ മനസ്സിൻ കുളിർമയേകുന്ന നാട്ടിൻ പുറങ്ങൾ.

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

അതേ...മലയാളത്തിലെ ഒരു മഹാനായ കവി നാട്ടിൻ പുറത്തെ കുറിച്ച് എഴുതിയ വാചകങ്ങളാണിവ.എത്ര സത്യസന്ധമാണിവയെന്ന് ഇന്നത്തെ കുട്ടികൾക്കറിയില്ല.എല്ലാവരും പഴയകാലഘട്ടത്തെ മറന്ന് സിറ്റികളിലെ ഫ്ലാറ്റുകളിൽ ഒതുങ്ങിക്കൂടാനാണ് ആഗ്രഹിക്കുന്നത്.

നിലവിലുള്ള വാർത്തകൾ തന്നെയെടുത്തു നോക്കാം.നമുക്ക് കാണാൻ കഴിയുന്നത്,വയലുകൾ കയ്യേറി ഫ്ളാറ്റുകൾ പണിതു. നഗരങ്ങളിലെ മനുഷ്യർ ഉള്ളതെല്ലാം വിറ്റുപെറുക്കി ഫ്ളാറ്റുകൾ വാങ്ങി അവിടെ താമസമുറപ്പിച്ചു. എന്നാൽ ഇപ്പോഴാണ് ആ ഫ്ളാറ്റ് പൊളിക്കാനുള്ള ഓർഡറുകൾ വരുന്നത്. വയൽ കയ്യേറ്റത്തിനെതിരെയായി സർക്കാർ എല്ലാവരേയും അവിടെ നിന്ന് ഒഴിപ്പിക്കുവാൻ ശ്രമിക്കുന്നു എന്നാൽ കിടപ്പാടം നഷ്ടപ്പെടുന്നതിലുള്ള സങ്കടത്താൽ ഉടമകൾ വീടുവിട്ടിറങ്ങാൻ തയ്യാറാവുന്നില്ല. അവരുടെ ദയനീയാവസ്ഥ നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ.

നാട്ടിൻപുറങ്ങളിൽ നമുക്ക് കാണാൻ കഴിയുന്ന കാഴ്ച കണ്ണിന് കുളിർമയേകുന്നതാണ്.
കായലും, കുറച്ചു വീടുകളും വയലുകളും മരങ്ങളും പക്ഷികളും ........ ആരും ആഗ്രഹിച്ചുപോകുന്ന ഇടം . എന്നാൽ ഇക്കാലത്ത് അസുലഭമായ കാഴ്ചയാണ് അവയൊക്കെ.മനുഷ്യർ നാട്ടിൻപുറങ്ങൾ തേടിപ്പോകേണ്ട അവസ്ഥയാണ് ഇപ്പോൾ. പാവങ്ങളും നിഷ്കളങ്കരുമായ ഗ്രാമവാസികളെ പറ്റിച്ച് വലിയ വലിയ വ്യവസായികൾ അവിടെ ഫ്ളാറ്റുകളും ഹോട്ടലുകളും ഉണ്ടാക്കി നാട്ടിൻപുറങ്ങളെ ഒരു ടൂറിസ്റ്റുകേന്ദ്രമാക്കി മാറ്റുന്നു. അതിനുവേണ്ടി നിഷ്കളങ്കരായ ജനങ്ങളുടെ വീടുകളും കൃഷികളും നശിപ്പിക്കുന്നു. അവരുടെ കണ്ണീരു കാണാൻ ഇവിടെ ആരും തന്നെയില്ല. എല്ലാം സഹിച്ച് അവർ ജീവിക്കുന്നു. എങ്കിലും അവരുടെ സങ്കടം പ്രകൃതി കാണുന്നു. വ്യവസായികൾ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടാണ് അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നത്. പ്രകൃതിയുടെ ക്ഷമകെടുമ്പോൾ പ്രളയം, കൊടുങ്കാറ്റ് പോലുള്ള ഉഗ്രരൂപിണികളായി അവതാരമെടുക്കുന്നു. മനുഷ്യരുടെ അത്യാർത്തിക്ക് ഉത്തരം കൊടുക്കുന്നു.

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി

അതെ....പ്രകൃതി ആസ്വാദകനായ ചങ്ങമ്പുഴയുടെ വരികളാണിവ. കുളിരണിയിക്കുന്ന ഗ്രാമഭംഗിയെ അദ്ദേഹം വർണ്ണിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് എഴുതാത്ത കവികളില്ല.

ഇനിവരുന്നൊരു തലമുറക്ക് ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം അതി മലിനമായൊരു ഭൂമിയും

മലയാളത്തിൽ പ്രസക്തിയേറിയ വാക്കുകളാണിവ. ഇന്നത്തെ മനുഷ്യരുടെ പ്രവൃത്തിയെ കവിത ചൂണ്ടിക്കാട്ടുന്നു. ഈ കവിതയിൽ എത്രത്തോളം സത്യമുണ്ടെന്ന് നമുക്ക് മനസ്സി-
ലാക്കാം. നാട്ടിൻപുറങ്ങളിൽ മനുഷ്യർ കെട്ടിടങ്ങളും എസ്റ്റേറ്റുകളും പണിത് ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കി മാറ്റുന്നു. എന്നാൽ ഇതിലുണ്ടായിരുന്ന

പ്രകൃതിസൗന്ദര്യത്തെക്കുറിച്ചോ വരാനിരിക്കുന്ന ദുരന്തത്തെക്കുറിച്ചോ അവർ ചിന്തിക്കുന്നില്ല. മനുഷ്യർക്കിനിയെങ്കിലും തിരിച്ചറിവുണ്ടായി

അവർ പ്രകൃതിയെ സ്നേഹിക്കാനും പരിചരിക്കാനും ശ്രമിക്കട്ടെ........



# തീണ്ടാനാഴിപ്പൂവിനോട്.....................

ബിന്ദു കെ

മേഘങ്ങളിൽ നിന്ന്
സപ്തസ്വരമണികൾ മണ്ണിലേക്കുതിർന്നിട്ടും
നീയെന്താണ് കണ്ണു തുറക്കാത്തത്....
ഉഷപൂജക്കും മുമ്പുണരുന്ന മേശാന്തിയെപ്പോലെ
നിനക്കും വൈകി ഉണരാനാവില്ലല്ലോ!
ശ്രാവണത്തിനുമിപ്പുറം
"ശീവോതി" കൾ നിന്നെക്കാത്തിരിക്കുന്നു
ഗന്ധമെഴാത്ത,
നിന്റെ മഞ്ഞവസന്തത്തെ
സിന്ദൂരത്തിലേക്കാവാഹിക്കാൻ
പുലരിയെത്തിയിരിക്കുന്നു...
തുമ്പപ്പൂവിന്റെ തോളിൽചാരി
നീ വരുന്നതോർത്ത്
പൂക്കളം പുളകമണിയുന്നു...
കർക്കിടകത്തിന്റെ പുണ്യമാണ്
നീ എന്നറിയാതെ
"ജ്യേഷ്ഠ" യ്ക്കൊപ്പം നിന്നെ പടികടത്തി
ഞാൻ "അകത്തമ്മ" യാവുന്നു!!!!!!



# പുഴ

**വിഅഭയ**

കളം കളം ഒഴുകും നദിയേ

നിന്നരികിൽ ഞാൻ വിസ്മയഭരിതയായ് നിന്നു

പുഴയോരത്തെ കാഴ്ചകൾക്കപ്പുറം

നിന്റെയീ കിന്നാരം എന്തുരസം

ഒരു നിമിഷം നീ നിൽക്കാമോ

ഒരു വാക്കെന്നോട് മിണ്ടാമോ

കളം കളം ഒഴുകും നദിയേ

കളം കളം ഒഴുകും നദിയേ

വെള്ളി യരഞ്ഞാണം ചുറ്റി

ഒഴുകും നദിയേ പ്രിയ നദിയേ

എന്തുരസം നീ എന്തു സുഖം

പുത്തൻ വഞ്ചിയിൽ വരട്ടെ ഞാൻ

നിന്നോട് കിന്നാരം ചൊല്ലാൻ

ആരു നിനക്കീ സൗന്ദര്യം നൽകി

ആരു നിനക്കീ സാന്ത്വനം നൽകി

ആർത്തിരമ്പി തുള്ളിക്കുതിച്ചു

നിന്റെ വരവെന്തു രസം

ഒരുപാടുപേരുടെ ജീവിതലക്ഷ്യം നീ

ഒരുപാടു ജീവിതം നിന്നിൽ പൊലിഞ്ഞുപോയെങ്കിലും

നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു

ഒരു നിമിഷം നീ നിൽക്കാമോ

ഒരു വാക്കെന്നോട് മിണ്ടാമോ

എന്താ നിനക്കിത്ര തിടുക്കം

ഇത്തിരി നേരം പതുക്കെ പോകാമോ.........

#########

# പുഴയോട്

അഭയകൃഷ്ണ വി

പുഴകൾക്കുമുണ്ടൊരു ഭംഗി....

കരയുന്ന പുഴകൾക്കുമുണ്ടൊരു ഭംഗി.....

കരിമീനും ചെമ്മീനും നിറഞ്ഞ ഈ

പുഴകളാണ് പ്രകൃതിയുടെ ഭംഗി...

മലയാളനാടിന്റെ ഭംഗിയാണീപ്പുഴ

ഈ പ്രകൃതിയുടെ സൗന്ദര്യമാണ്

നമ്മുടെ ജീവനാണീ പുഴ

നമ്മുടെ ശക്തിയാണീ പുഴ

പുഴയാണ് നമ്മുടെ അമ്മ

പുഴയാണ് നമ്മുടെ അച്ഛൻ

പുഴയാണ് നമ്മുടെ ദൈവം

പുഴയാണ് നമ്മുടെ ജീവൻ

ഒഴുകുന്ന പുഴകൾക്കുമുണ്ടൊരു ഭംഗി

കരയുന്ന പുഴകൾക്കുമുണ്ട് ഭംഗി



# നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

***നന്ദന. പി***

പണ്ടൊക്കെ നമ്മുടെ കണ്ണിന് കുളിരു കോരിയിടുന്ന ഒന്നായിരുന്നു നാട്ടിൻ പുറങ്ങൾ. നാട്ടിൻപുറങ്ങൾ എന്നു കേൾക്കുമ്പോൾത്തന്നെ ഓർക്കുന്നത് പച്ചപ്പും കളകളാര-വത്തോടുകൂടി ഒഴുകുന്ന നദികളും വയലുകളുമാണ്. നാട്ടിൻപുറത്തിന്റെ ശോഭയാപ്പറ്റി നമുക്ക്എത്ര പറഞ്ഞാലും മതിയാവില്ല. ഗ്രാമത്തിന്റെ കാര്യം പറയുകയുമ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയാത്തുന്നത് ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയുടെ ഗ്രാമഭംഗി എന്ന കവിതയാണ്.

എന്നാൽ ഈ ഗ്രാമങ്ങൾക്കൊക്കെ എന്തുപറ്റി? ഗ്രാമങ്ങളെ നഗരങ്ങളാക്കാൻ മനുഷ്യർ കച്ചകെട്ടുകയാണ്. പാടങ്ങൾ നികത്തി വലിയ വലിയ ഫാക്ടറികളും കെട്ടിടങ്ങളും പണികഴിപ്പിക്കുന്നു. നഗരങ്ങൾ എന്നാൽ കൂറ്റൻ കെട്ടിടങ്ങളും ചീറിപ്പായുന്ന വണ്ടികളും
പുകനിറഞ്ഞതുമായ ഒരിടമാണ്. അതിന് അൽപം ആശ്വാസമായിരുന്നു നാട്ടിൻപുറങ്ങൾ.

പണ്ടൊക്കെ പാടത്തും വരമ്പത്തും നടന്നവർക്ക് ഇപ്പോൾ ചെളിയിൽ കാലു-കുത്താൻ വയ്യ എന്നായി. വലിയ വലിയ നഗരങ്ങളായി നാട്ടിൻപുറങ്ങൾ മാറി. മനുഷ്യൻ ഫ്ളാറ്റിൽ താമസിക്കാൻ തുടങ്ങിയ അവസരത്തിൽ പ്രകൃതിയുടെ സൗന്ദര്യത്തിൽ നിന്നും അകന്നുപോകുന്നു. കൂറ്റൻ കെട്ടിടങ്ങൾക്കിടയിൽ മഴ ഒന്നുമല്ലാതായി. ഇതു പറയുമ്പോൾ എനിക്ക് ഓർമ വരുന്നത് വിജയലക്ഷ്മിയുടെ വരികളാണ്.

ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്ത്

കർക്കടകക്കാറ്റും മഴയും കൊടിച്ചുരുക്കി

നാട്ടിൻപുറങ്ങളുടെ മേന്മയും ഭംഗിയും ഇന്ന് മാറുന്നു. അത് നഗരത്തിലേക്ക് വ്യതിചലിക്കുന്നു.ഗ്രാമവാസികളെ നഗരത്തിലേക്ക് പറിച്ചു നടുമ്പോൾ ആദ്യമൊക്കെ ആ മുൻജീവിതത്തിന്റെനഷ്ടബോധം അവരിൽ ഉണ്ടായേക്കാം. പക്ഷേ കാലം പോകും തോറും അവർ തങ്ങളുടെജീവിതശൈലിയിൽ മാറ്റം വരുത്തുകയും ചിലർ തങ്ങളുടെ സംസ്കാരം തന്നെ മറന്ന് പോവുകയും ചെയ്യുന്നു.

ആർക്കും സമയമില്ല എന്നത് നഗരങ്ങളുടെ ഒരു പ്രത്യേകതയാണ്. താനും തന്റെ കുടുംബവും എന്ന ചിന്താഗതിയിൽ ജീവിക്കുന്നവരാണ് നഗരവാസികൾ. നാട്ടിൻപുറങ്ങൾ എന്നത് ഇന്ന് വെറുമൊരു സങ്കൽപമായി മാറുന്നു. എങ്ങും ഹൈടെക് സംവിധാന-ങ്ങൾ. മൊബൈൽ ഉപയോഗിക്കാത്തവർ ഒന്നോ രണ്ടോ പേർ മാത്രമായിരിക്കും. നാട്ടിൻ പുറങ്ങളിൽ കുടിലുകളിൽ താമസിക്കുമ്പോഴും കലഹമില്ലാത്ത ഒരു ജീവിതമായിരുന്നു.

എന്നാൽ നഗരങ്ങളിൽ റോഡിൽ വീണാൽ ഒരുത്തൻ പോലും തിരിഞ്ഞുനോക്കുകയില്ല.

നാട്ടിൻപുറങ്ങൾ നഗരങ്ങളായി മാറുമ്പോൾ അതിൽ ലാഭവും നഷ്ടവുമുണ്ട്. അവിടുത്തെ കുട്ടികൾക്ക് നിലവാരമുള്ള നല്ല വിദ്യാഭ്യാസവും മറ്റുള്ളവർക്ക് ജോലിയും വരുമാനവും ലഭിക്കുന്നു. ഇതിലൂടെ നമ്മുടെ നഷ്ടങ്ങളാണ് പ്രകൃതിസൗന്ദര്യത്തെ തൊട്ട-റിയാൻ കഴിയില്ല എന്നത്. സംസ്കാരത്തിൽ നിന്നും വിട്ടുമാറുന്നു എന്നതും വാസ്തവമാണ്. കാടും മലകളും നിറഞ്ഞതായിരുന്നു നാട്ടിൻപുറങ്ങൾ. നഗരങ്ങളാകുമ്പോൾ എല്ലാം വെ-ട്ടിനശിപ്പിക്കുന്നു. ഗ്രാമത്തെ വർണ്ണിക്കുന്ന ചങ്ങമ്പുഴയുടെ വരികളാണിവ.....

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി!


ഇതിലൂടെ നാട്ടിൻപുറങ്ങളുടെ ഭംഗി നമുക്ക് അറിയാൻ സാധിക്കുന്നു. മനുഷ്യരുടെ കർമഫലമാണിത്. കഴിവതും നാം നാട്ടിൻപുറങ്ങളെ അതിന്റെ സൗന്ദര്യവും മേന്മയും നഷ്ടപ്പെടാത്തവിധം നാം സംരക്ഷിക്കുക തന്നെ വേണം..




# IT QUIZ

1.WHO IS THE FOUNDER OF YAHOO?

2.IDENTIFY THE PERSON?



3.WHO IS THE FOUNDER OF LINUX?

4.WHO IS THE CEO OF APPLE?

5.WHO IS THE CEO OF GOOGLE CLOUD?

SYMBOLS

6.IDENTIFY THE SYMBOL?



7.IDENTIFY THE SYMBOL?



FULL FORM

8.WHAT IS THE FULL FORM OF SIM?

9.WHAT IS THE FULL FORM OF HTML?

10.WHAT IS THE FULL FORM OF UPS?


DEVICES

11.IDENTIFY THE DEVICE?



12.




CREATED BY:
ABHINAV

# വിതുമ്പുന്ന മഴ



വിതുമ്പുകയാണോ മഴയേ നീ
വിതുമ്പുകയാണോ മഴയേ നീ
എന്തിനിങ്ങനെ തരിച്ചു നിൽക്കുന്നു
നീ എന്തിനിങ്ങനെ വിതുമ്പിനിൽക്കുന്നു
പെയ്യുവാനെന്തിനു മടിക്കുന്നു നീ
ഭൂമി കുടിനീരിനായി ദാഹിക്കുമ്പോൾ
ഓരോ പുൽനാമ്പിലും നിൻ തുള്ളികൾ
കുടിനീരായിപ്പെയ്തിറങ്ങട്ടെ
തളിർക്കട്ടെ ജീവജാലങ്ങൾ
നിൻ പെയ്തിറക്കമില്ലെങ്കിൽ പ്രപഞ്ചം
ചാരമാകില്ലേ
ഇത് നിൻ കാലമല്ലേ.....പെയ്യുവാൻ മറന്നോ നീ....
അതോ ഭയമോ....
മനുഷ്യൻതൻ ക്രൂരതകൾ നിന്നെയും അലട്ടുന്നുവോ
നിന്നെക്കാണാൻ കൊതിക്കുന്നു...
കിളികളും പൂക്കളും മരങ്ങളും.....

നിവേദ്യ ജയൻ
8 സി
ജി വി എച്ച് എസ് എസ് ഇരിയണ്ണി
കാസർഗോഡ്

# കാട്ടുചോല



കാട്ടുചോലക്കരയിൽ ഇരുന്നു ഞാൻ
കാട്ടുമാമ്പഴം തിന്നുമ്പോൾ
അദൃശ്യമായ് വന്നുകാറ്റെന്നെ
കുളിർകോരി എങ്ങോപോകുന്നൂ
കാടൊരു സൗഭാഗ്യം അത്ഭുതം
ചോലയിൽ കുളിരും ജലത്തിൽ നനഞ്ഞു
ഞാൻ

ഞാനും ഈ ഭൂമിയും മാത്രമായ്.......

റിതിൻ. എസ്.എ
ഏഴ്.ബി.

# പ്രകൃതി



എത്രസുന്ദരമെത്ര സുന്ദരം
എൻെറ ഈ പ്രകൃതി....
കളകളനാദത്തിൽ പാടിരസിക്കുന്നു
ചിതറിച്ചിന്നിയൊഴുകും അരുവികൾ
ആടിയും പാടിയും ഉല്ലസിച്ചാടുന്നു
ചാരുപൂവള്ളികൾ നർത്തകികൾ
പുള്ളിയുടുപ്പിട്ട സ്വർഗ്ഗത്തിൻ സുന്ദരി
പൂന്തേൻ നുള്ളി പറന്നകലുന്നു
പൂക്കളെച്ചുറ്റിപ്പറന്നുമുരണ്ടു
തേൻതേടും വണ്ടിണകൾ
ഏതൊരു മോഹനസ്വർഗ്ഗത്തെക്കാളും
മോഹനമീ പ്രകൃതി..

മാളവിക.ടി

9 സി

# ANSWERS for quiz

**1.JERRY YANG**
**2.DOUGLAS ENGALBERT**
**3.LINUS TORVALDS**
**4.STEVE JOBS**
**5.THOMAS KURIAN**
**6. MOZILLA FIRE FOX**
**7.DUCK DUCK GO**
**8.SUBSCRIBER IDENTIFICATION MODULE**
**9.HYPER TEXT MARKUP LANGUAGE**
**10.UN INTERRUPTIBLE POWER SUPPLY**
**11.MOTHER BOARD**
**12.OTG- ON THE GO**



***ഒരു കുട്ടിക്കഥ***



# സഹോദരസ്നേഹം

ജിങ്കൻ മുയലും ഡിങ്കൻ മുയലും സഹോദരങ്ങളായിരുന്നു. പുഴക്കരയിലെകാട്ടിലാണ് അവർ താമസിച്ചിരുന്നത്.ജിങ്കൻ ഒരു പാവമായിരുന്നു.പക്ഷേ ഡിങ്കൻ മഹാ വികൃതിയും അഹങ്കാരിയും ആയിരുന്നു.അവൻ പലപ്പോഴും ജിങ്കനെ ഉപദ്രവിക്കുമായിരുന്നു.അങ്ങനെ മഴക്കാലമെത്തി.മഴ കാരണം പുറത്തിറങ്ങാൻ വയ്യ.വിശന്നുവലഞ്ഞ അവർ മഴയൊന്നു ശമിച്ചപ്പോൾ തീറ്റതേടാനിറങ്ങി."ഞാൻ വൈകുന്നേരം വരുമ്പോൾ ധാരാളം പഴം കൊണ്ടുവരും പക്ഷേ നിനക്കു തരില്ല.'' ഡിങ്കൻ പറഞ്ഞു.അവൻ വേഗം കാട്ടിലേക്ക് ഓടി.ജിങ്കൻ മറ്റൊരു വഴിയിലൂടെ നടന്നു.പഴങ്ങൾ ശേഖരിച്ച് തിരിച്ചുവന്നു.പക്ഷേ വൈകുന്നേരമായിട്ടും ഡിങ്കനെ കണ്ടില്ല.ജിങ്കൻ വല്ലാതെ വിഷമിച്ചു.കുറേ നേരം

കഴിഞ്ഞപ്പോൾ ക്ഷീണിച്ചവശനായ ഡിങ്കനെത്തി.അവന് ഒരു പഴം പോലും കിട്ടിയിട്ടുണ്ടായിരുന്നില്ല.ശക്തമായി പെയ്ത മഴയിൽ അവന് ഭക്ഷണം തേടാൻ കഴിഞ്ഞിരുന്നില്ല.ജിങ്കൻ അവന് വേണ്ടത്ര ഭക്ഷണം നൽകി.ആസ്നേഹം കണ്ടപ്പോൾ ഡിങ്കൻെറ മനസ്സലിഞ്ഞു.അതോടെ അവൻ അഹങ്കാരമെല്ലാം മാറി നല്ലവനായിത്തീർന്നു....

അബിന.ടി.
6 എ

# ചക്ക



വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

- ഒരു ചക്ക വീണ് മുയൽ ചത്തെന്നുകരുതി എല്ലാ ചക്ക വീഴുമ്പോഴും മുയൽ ചാകണമെന്നില്ല.
- ഗ്രഹണി പിടിച്ചവർക്ക് ചക്ക കൂട്ടാൻ കിട്ടിയ പോലെ.
- അഴകുള്ള ചക്കയിൽ ചുളയില്ല.ചക്കകൊണ്ടുതന്നെ ചുക്കുവെള്ളം.
- ചക്കയാണോ ചൂന്നു നോക്കാൻ.
- ചക്കയിട്ട കള്ളൻ മെക്കിട്ടുകയറുമോ.
- ചക്കയ്ക്ക്  ചുക്ക് മാങ്ങയ്ക്ക് തേങ്ങ.
- ചക്കയ്ക്ക് തക്ക കൂട.
- ചക്കയ്ക്ക് തേങ്ങ കടംവാങ്ങയെങ്കിലും കൂട്ടണം.
- ചക്കയ്ക്കും മുള്ളുണ്ട്,ഉമ്മത്തിൻകായ്ക്കും മുള്ളുണ്ട്.
- ചക്കപോലെ വാക്കും ചക്കപോലെ നെഞ്ചും.
- ചക്ക തിന്നും തോറും പ്ലാവ് വെക്കാൻ തോന്നും.
- ചക്ക തിന്നാനും ശാസിക്കണം.
- ചക്ക കട്ട ഏഴിനാണ് പട്ടി കുരയ്ക്കുന്നത്.
- ചക്കക്കുഞ്ഞിലും ചന്ദനകുരന്നും സമം.

കൃഷ്ണശ്രീ എം

10



# ലഹരി

ലഹരി തൻ കൊട്ടുവിഷത്തിൽ മരണമട-
യുന്നു തെറ്റ് ചെയ്തവരാം മനുഷ്യർ
എന്തിനു പറയുന്നു കരളും മറ്റവയ-
വങ്ങളും ലഹരിയുടെ ഭക്ഷണമായിതീരുന്നു.

മദ്യകുപ്പികളിലും മിഠായികളിലും
നിറയുന്നു മരണത്തിന്റെ
വേദനയാർന്ന അന്ധകാരം
വേദനയാർന്ന അന്ധകാരം

നമ്മുടെ മുമ്പിൽ ചിരിച്ചുകാട്ടുമീ
മദ്യക്കുപ്പികൾ
നമ്മുടെ അന്ധകനോ അതോ രക്ഷകനോ?

മരണത്തിന്റെ തുമ്പിലിരുന്ന്
ഉഞ്ഞാലാട്ടുമി  മനുഷ്യവർഗത്തിന്റെ
കണ്ണുനീർ ഒപ്പിയെടുക്കാൻ കഴിയുമോ
കളിക്കുട്ടുകാരനാം ലഹരിക്ക്

ലഹരിയിൽ മദിച്ചുകളിക്കുമീ
മനുഷ്യവർഗത്തിൻ അറിയുമോ
ലഹരി തൻ ഒളിച്ചുകളിയോ

സിഘരറ്റ് വലിച്ച് ഒരു തീവണ്ടിയാകുന്ന
മനുഷ്യവർഗം
അടിമപ്പെടരുതേ ലഹരിയിൽ
അത് മരണമാണ്...
അടിമപ്പെടരുതേ ലഹരിയിൽ
അത് മരണമാണ്.....



# ഓണവും ബുദ്ധനും

മാവേലിപുരാണം പോലെ സ്വാധീനമില്ലെങ്കിലും  ശ്രീബുദ്ധനുമായി ബന്ധപ്പെടുത്തികൊണ്ടുള്ള കഥകളുണ്ട്.സിദ്ധാർഥ രാജകുമാരൻ ബോധോദയത്തിൻ ശേഷം ശ്രവണ പദത്തിലേക്ക് പ്രവേശിച്ചത് ശ്രാവണമാസത്തിലെ തിരുവോണ നാളിൽ ആണെന്ന്  ബുദ്ധമതാനുയായികൾ വിശ്വ സിക്കുന്നു. ബുദ്ധമതത്തിന് ആധിപത്യമുണ്ടായിരുന്നു.അന്നത്തെ കേരളം ഈ ശ്രാവണ സ്വീകാരം ആഘോഷപൂർവം  അനുസ്മരുക്കുന്നതാണ് ഓണമെന്ന് അവർ സമർഥിക്കുന്നു. ശ്രാവണം ലോപിച്ച് ഓണമായത് ഇതിന് ശക്തമായ ഒരു തെളിവാണ്. ബുദ്ധനെ തന്നെ  ശ്രവണൻ എന്നു പറഞ്ഞുവരുന്നു. വിനോദത്തിനും വിശ്രമത്തിനുമുള്ള മാസമാണ് ശ്രാവണം. ഓണത്തിന് മഞ്ഞനിറം പ്രധാനമാണ്. ഭഗവാൻ ബുദ്ധൻ ശ്രവണപദത്തിലേക്ക് പ്രവേശിച്ചവർക്ക് മഞ്ഞവസ്ത്രം ഓണക്കോടിയായി നൽകും. ഓണപ്പൂവിന് അഞ്ച് ഇതളുകളാണ്, ഇവ ബുദ്ധമതധർമ്മത്തിലെ പഞ്ച ശീലങ്ങളുടെ പ്രതീകമായി കണക്കാക്കുന്നു. ബുദ്ധമതം കേരളത്തിൽ ഇല്ലാതാക്കാൻ ഹിംസയും ആക്രമവും നടന്നിരുന്നു. ഇവയുടെ സ്മരണയ്കായ് ഓണത്തല്ലും, ചേരിപ്പോരും എന്ന് ബുദ്ധമതവിശ്വാസികൾ പ്രചരിപ്പിക്കുന്നു.

– അശ്വിൻ 10C

## നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ



- വിത – പാടത്ത് നെൽവിത്ത് പാകുന്നതിനെ വിത എന്നു പറയുന്നു.
- ഞാറ് - നെൽച്ചെടിയുടെ തൈ ആണ് ഞാറ്.
- ഞാറ്റടി - ഞാറ്റിനു വേണ്ടി വിത്ത് പാകി മുളപ്പിക്കുന്ന പ്രത്യേക വയലാണ് ഞാറ്റടി.
- ചേറ്റു വിത – മുളച്ച വിത്തുകൾ ചേറിൽ വിതയ്ക്കുന്നതാണ് ചേറ്റു വിത.
- പൊടി വിത – മുളപ്പിക്കാത്ത വിത്ത് വിതയ്ക്കുന്നതിനെ പൊടി വിത എന്നു പറയുന്നു.
- കൊയ്ത്ത് - വിളഞ്ഞ നെൽച്ചെടി മുറിച്ചെടുക്കുന്നതിനെയാണ് കൊയ്ത്ത് എന്നു പറയുന്നു.
- കറ്റ – കൊയ്ത്ത നെൽച്ചെടികളുടെ കെട്ടാണ് കറ്റ.
- മെതി - കറ്റകളിൽ നിന്ന് നെല്ല് വേർതിരിക്കുന്നതാണ് മെതി.
- വയ്ക്കോൽ - നെല്ല് നീക്കിയ കറ്റയാണ് വയ്ക്കോൽ.

# വീണ്ടെടുക്കാം കറുത്ത പൊന്നിനെ



നാടൻ രീതിയിൽ വളർത്തിയെടുക്കുന്ന കുരുമുളക ചെടികൾ മികച്ച കായ്ഫലം തരാൻ എട്ടു വർഷമെങ്കിലും എടുക്കും.കർഷകരെ സംബന്ധിച്ചെടുത്തോളം ഇതൊരു നീണ്ട കാലാവധിയാണ്.എന്നാൽകുറ്റികുരുമുളക് നട്ട് ഒരു വർഷം കഴിയുംമ്പോൾ തന്നെ കായ്ഫലം ലഭിച്ചു തുടങ്ങും. ആയതിനാൽ കുരുമുളക് കൃഷിയുടെ പുനഃസ്ഥാപനം നടത്തുന്നതിനൊപ്പം കുറ്റികുരുമുളക് കൃഷി ചെയ്താൽ കർഷകനു മികച്ച ആദായം നേടാൻ സാധിക്കും.

# കാട്



വിടിനെടുത്തൊരു കാടുണ്ട്
കാടിന് കഥകൾ നൂറുണ്ട്
കാട്ടിൽ പല പല മൃഗങ്ങൾ ഉണ്ട്
പക്ഷികളുണ്ടേ മുയലുകളുണ്ടേ
പന്നികളുണ്ടേ എല്ലാമെല്ലാമുണ്ടേ
മരത്തിനുമീതെ തേനുണ്ട്
വർണചിറകാൽ വീശിവരുന്നോരു
പക്ഷികളുണ്ടേ ഞങ്ങടെ കാട്ടിൽ
മരത്തിനു മേലെ ചാടി നടക്കും
വാനരനുണ്ടേ ഞങ്ഭടെ കാട്ടിൽ
കാടൊരു സുന്തര വീടാണ്
കാടില്ലെങ്കിൽ നാടില്ല..

# പ്രകൃതി



എത്ര സുന്ദരം എത്ര സുന്ദരം
എൻ ഈ പ്രകൃതി
കള കള നാഥത്തിൽ
പാടി രസിച്ചും പളുങ്കുമണി
ചിന്നി ചിതറിച്ചും ഒഴുകും അരുവികളും
ആടിയും പാടിയും ഉല്ലസിച്ചാടുന്ന
പൂവള്ളികളും
ഹ! എത്ര സുന്ദരമീ പ്രകൃതി....
പുള്ളിയുടുപ്പിട്ട സ്വർഗത്തിൽ
സുന്ദരി പൂന്തേൻ നുള്ളി പറന്നകലുന്നു
തേനുള്ള പൂക്കളേ ചുറ്റിപറക്കും
മുരളും വണ്ടുകളും
കുളിർക്കാറ്റിലാലോലമാടുന്ന കന്യകമാർ
എല്ലാം എല്ലാം പ്രകൃതി തൻ
നമ്മളെല്ലാരുമീ പ്രകൃതി തൻ മക്കൾ.

-മാളവിക.ടി
10 സി

## കൃഷിയും ഞാറ്റുവേലയും



സൂര്യന്റെ വേള എന്നാണ് അർത്ഥം.27 നക്ഷത്രങ്ങിൽ ഒരോന്നിന്റെയും അമീനമാസം മുതൽ അടുത്ത മേടമാസം വരെ 12 മാസങ്ങളിലായാണ്വ 27 ഞാറ്റുവേലകൾ.ഞാറ്റുവേല എന്നാൽ ഞായറിന്റെ വേള അഥവാ ടുത്ത് സൂര്യൻ നിലകൊള്ളുന്നത് പതിമൂന്നര ദിവസമാണ് അതതു നക്ഷത്രതിന്റെ ഞാറ്റുവേലയായിഅറിയപ്പെടുന്നത്.ഇതിൽ ഏറ്റവും പ്രധാനപ്പെട്ട തിരുവാതിര ഞാറ്റുവേല പതിനഞ്ചുദിവസമാണ്.അശ്വതി ഞാറ്റുവേല മുതൽരേവതി ഞാറ്റുവേല വരെ ഓരോ ഞാറ്റുവേലക്കാലത്തിന്റെയുംപ്രത്യേകത മനസ്സിലാക്കി ഓരോ ഞാറ്റുവേലക്കാലവേലയ്ക്കും ഏതെല്ലാം കൃഷികപ്പണികൾ ചെയ്യണം എന്നതിന് വ്യക്തമായ കലണ്ടർ പഴമക്കാർ തയ്യാറാക്കിയിരുന്നു.

ആദർശ് ബി